ഉപദേശക സമിതി (TAG) ആയിരുന്നു. അതിന്റെ ചുമതലയും ജില്ലാ ആസൂത്രണ സമിതിക്കായിരുന്നു. എന്നാൽ പദ്ധതികളുടെ പരിശോധനയിലും അംഗീകാരത്തിലുമുള്ള കാലതാമസം കണക്കിലെടുത്ത് 12-ാം പദ്ധതി കാലത്ത് ആസൂത്രണ സമിതികൾ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി രേഖ മാത്രം പരിശോധിച്ചാൽ മതിയെന്ന് മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

കാർഷികോല്പന്നങ്ങളുടെ സംഭരണം

11(*131) ശ്രീ. എ. കെ. ബാലൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങൾക്ക് വിലയിടിവ് നേരിടുന്ന ഘട്ടങ്ങളിൽ സർക്കാർ തലത്തിലുള്ള സംഭരണം സംബന്ധിച്ച നിലപാട് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഏതെല്ലാം കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവാണ് കർഷകരെ ഏറെ പ്രതിസന്ധിയിലാക്കിയതെന്നറിയിക്കാമോ;

(സി) പ്രസ്തുത കാർഷികോൽപ്പന്നങ്ങളുടെ സംഭരണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു; അവ ഫലവത്തായോ എന്ന് വ്യക്തമാക്കുമോ;

(ഡി) സംഭരണത്തിനായി വിവിധ ഘട്ടങ്ങളിൽ നീക്കിവെച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ നൽകാമോ;

(ഇ) പ്രമുഖ കാർഷിക ഉല്പന്നങ്ങളുടെ ശരാശരി വാർഷിക ഉല്പാദനവും സംഭരണ ലക്ഷ്യവും സംഭരണത്തിനുള്ള ബജറ്റ് വിഹിതവും സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ വിശദമാക്കാമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) സംസ്ഥാനത്തെ കാർഷികോല്പന്നങ്ങളിൽ നെല്ലിന് ന്യായവില ഉറപ്പാക്കുന്നതിനായി സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ ജില്ലകളിലെയും കർഷകരിൽനിന്നും നെല്ല് സംഭരണം നടത്തിവരുന്നു. നാളികേരത്തിന് വിലയിടിവ് നേരിടുന്നതിനും ന്യായമായ വില ഉറപ്പാക്കുന്നതിനും, സംസ്ഥാന സർക്കാർ കൃഷിഭവനുകൾ മുഖേന കേരഫെഡിന്റെ സഹകരണത്തോടെ പച്ചനാളികേര സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന നിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും, കർഷക്കരെ സഹായിക്കുന്നതിനുമായി 25-2-2014 തീയതിയിലെ സ.ഉ. (എം.എസ്.) നമ്പർ 56/2014/കൃഷി, പ്രകാരം വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു.

റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് ഇപ്രകാരം റബ്ബർ സംഭരണം നടത്തിയത്.

(ബി) കാർഷികോല്പന്നങ്ങളിൽ റബ്ബർ വിലയിടിവാണ് കർഷകരെ ഏറെ ബാധിച്ചിട്ടുള്ളത്.

(സി&ഡി) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി 25-2-2014 തീയതിയിലെ സ.ഉ. (എം.എസ്.) നമ്പർ 56/2014/കൃഷി, പ്രകാരം വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു.

റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് ഇപ്രകാരം റബ്ബർ സംഭരണം നടത്തിയത്.

ഒന്നാംഘട്ട റബ്ബർ സംഭരണത്തിൽ സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ കൈകാര്യച്ചെലവ് അനുവദിക്കുന്നതിനായി സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത പരമാവധി 6 കോടി രൂപയിൽ പരിമിതപ്പെടുത്തിക്കൊണ്ട്, കൃഷി, സഹകരണ വകുപ്പുകൾ 2:1 എന്ന അനുപാതത്തിൽ തുക കണ്ടെത്തുകയും കൃഷി വകുപ്പിന്റെ വിഹിതമായ 4 കോടി രൂപ, വില സ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ എന്ന ശീർഷകത്തിൽനിന്നും 2013-14-ൽ തന്നെ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

സംഭരണ ഏജൻസികൾക്കുള്ള പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് റബ്ബർ സംഭരണം അടിയന്തരമായി പുനരാരംഭിക്കുന്നതിനായി സ.ഉ.(എം.എസ്.) നമ്പർ 176/2014/കൃഷി, തീയതി 16-8-2014 പ്രകാരം 10 കോടി രൂപ 'വില സ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതി' പ്രകാരം അധികമായി അനുവദിച്ചുകൊണ്ട് 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും,

റബ്ബർമാർക്കിനും അനുവദിച്ചുനൽകുകയും, റബ്ബർ സംഭരണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2015-16-ൽ റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി സ.ഉ.(എംഎസ്.)നമ്പർ 41/2015/കൃഷി തീയതി 11-3-2015 പ്രകാരം കൃഷി വകുപ്പിന്റെ വില സ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം 1 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും റബ്ബർമാർക്കിനും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2015-16 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതുപ്രകാരം കിലോയ്ക്ക് 150 രൂപ താങ്ങുവില നൽകിക്കൊണ്ട് 300 കോടി രൂപയുടെ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ റബ്ബർ, നാളികേരം എന്നിവയുടെ 2010-11 മുതൽ 2014-15 വരെയുള്ള വാർഷിക ഉല്പാദനം സംബന്ധിച്ച സ്ഥിതിവിവരക്കണക്ക് ചുവടെ ചേർക്കുന്നു:

വർഷം	നാളികേരം (മില്ല്യൺ എണ്ണം)	റബ്ബർ (ടൺ)
2010-11	5287	770580
2011-12	5941	798940
2012-13	5799	800050
2013-14	5921	648220
2014-15	5947	507700

കാർഷിക വിളകളുടെ സംഭരണത്തിനായി പ്രത്യേകമായി ബഡ്ജറ്റ് വിഹിതം ലഭിച്ചിട്ടില്ല. ഇതിനാവശ്യമായ തുക മാർക്കറ്റ് ഇന്റർവെൻഷൻ ഫോർ പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതിയിൽ നിന്നുമാണ് ചെലവഴിക്കുന്നത്.

സപ്ലൈകോ വഴി സംഭരിച്ച നെല്ലിന്റെ വിവരവും (2011-12 മുതൽ 2015-16 വരെ) ബഡ്ജറ്റ് വിഹിതവും ചുവടെ ചേർക്കുന്നു:

വർഷം	സീസണിൽ സംഭരിച്ചത് (മെട്രിക് ടൺ)	അനുവദിച്ചത് (കോടിയിൽ)	ചെലവഴിച്ചത് (കോടിയിൽ)
2011-12	560824.294	107.65	107.65
2012-13	358465.267	215	215

LIBRARY ARCHIVES Kerala Legislative Assembly

2013-14	535623.996	175.75	175.75
2014-15	550055.780	215	215
2015-16	192260.246 (10-2-2016 വരെ)	315	249

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ

12(*132) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) മുൻകാലങ്ങളിലുണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് പ്രസ്തുത ഉത്തരവിൽ ഉള്ളത് എന്നറിയിക്കാമോ;

(സി) മാർഗ്ഗ നിർദ്ദേശങ്ങൾക്ക് രൂപം നൽകുന്ന വേളയിൽ പുതിയ ഭരണ സമിതികൾക്ക് ഈ മേഖലയിലുള്ള പരിചയക്കുറവ് കണക്കിലെടുത്തിരുന്നുവോ;

(ഡി). പുതിയ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളിൽ നിന്നും ആക്ഷേപങ്ങളും പരാതികളും ലഭിച്ചിട്ടുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്. 11-1-2016-ൽ സ.ഉ. (എം.എസ്.) 4/2016/തസ്വഭവ. നമ്പർ ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി പുതിയ മാർഗ്ഗരേഖയിൽ വരുത്തിയിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. സേവാഗ്രാം/ഗ്രാമകേന്ദ്രം, വാർഡ് വികസനസമിതി, അയൽസഭ എന്നിവ സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവ്/സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ചെയ്യേണ്ടതായ കാര്യങ്ങളും അയൽസഭ, വാർഡ് വികസനസമിതി എന്നിവയുടെ അവകാശങ്ങളും പുതിയ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly